# Weekly Devotion -July *2019*

## cruse of oil *(എണ്ണ നിറയ്ക്കുന്ന തുരുത്തി*

(1രാജ :17:14)




എണ്ണ പണ്ടുകാലത്ത് യഹൂദന്മാർ സൂക്ഷിച്ചിരുന്നതും, മരുഭൂയാത്രയിൽ ഉപയോഗിക്കുവാൻ കരുതിയിരുന്നതും പുകയത്തുവച്ച തുരുത്തികളിലായിരുന്നു. പുകയത്തു വച്ച തുരുത്തിപോലെ ആയിട്ടും നിന്റെ വചനമാണ് എന്റെ ജീവന്റെ ആധാരം എന്നാണ് സങ്കീർത്തനക്കാരൻ പറയുന്നത്. പരിശുദ്ധാത്മവാകുന്ന എണ്ണ തുരുത്തിയിൽ നിറച്ചതാണ് തന്റെ ജീവന്റെ അടിസ്ഥാനം എന്നാണ് അദ്ദേഹത്തിന്റെ വിശ്വാസം, ഏതു ക്ഷാമത്തിലും തന്നെ അനുസരിക്കുന്നവർക്ക് ആവശ്യമനുസരിച്ച് ഉറവ തുറന്ന് ലഭിക്കുന്നു.

പ്രാചീനകാലം മുതൽ എണ്ണ പാലസ്റ്റീനിൽ ഒരു വിലപ്പെട്ട ദേശീയോൽപ്പന്നമാണ് . വചനത്തിൽ എണ്ണ എന്ന് പറയുന്നത് ഒലിവെണ്ണയെപ്പറ്റിയാണ് ' എണ്ണ' എന്ന വാക്ക് അനുഗ്രഹവചസ്സായി ഉപയോഗിച്ചിരുന്നു. ആവ : (33:24) ൽ തന്റെ മരണത്തിനു മുൻപായി യിസ്രായേൽ ഗോത്രങ്ങളെ മോശ അനുഗ്രഹിച്ചപ്പോൾ ആശേർ ഗോത്രത്തിന് ലഭിച്ച അനുഗ്രഹം ഇതിന് ഉദാഹരണമാണ്. ഒരു ദേശത്തിന്റെ സന്തോഷത്തിന്റെയും, സമൃദ്ധിയുടെയും, സമ്പദ്ഘടനയുടെയും പര്യായമായിരുന്നു എണ്ണ. ദേശത്ത് ക്ഷാമം വന്നപ്പോൾ തുരുത്തിയിലെ എണ്ണ കുറയുകയും, സന്തോഷം നഷ്ടപ്പെട്ട വിധവ ആത്മഹത്യയ്ക്കൊരുങ്ങിയതും ഇതിന് തെളിവത്രെ. പരിശുദ്ധാത്മാവാകുന്ന എണ്ണ പൂർണ്ണമായിവറ്റിപ്പോയവരുടെ ആത്മഹത്യാവാർത്തകൾ, മ്ലേച്ഛതാ വർദ്ധനവ് ഇതെല്ലാം ഇന്ന് നിത്യസംഭവങ്ങളായി മാറിയിരിക്കുന്നു.

ഒലിവെണ്ണയുടെ ഔഷധസിദ്ധി പ്രസിദ്ധമാണ്. ഔഷധം എന്ന നിലയിൽ ലേപനമായി മാത്രമല്ല കുടിക്കുകയും ചെയ്തിരുന്നു. പ്രതിരോധ ഔഷധമായിട്ടാണ് തൊലിപ്പുറത്ത് പുരട്ടിയിരുന്നത്. ചിലർ ഇത് വെള്ളത്തിൽ ഒഴിച്ച് കുളിക്കുവാനും ഉപയോഗിച്ചിരുന്നു. എണ്ണ പുരട്ടി രോഗികളെ സൗഖ്യമാക്കുന്ന ശുശ്രൂഷയക്ക് യേശു തന്റെ ശിഷ്യന്മാരെ അയച്ചിരുന്നു. LOOK യാക്കോ : (5:14) 'ഇടിച്ചെടുത്ത ഒലിവെണ്ണയാണ്'ഏറ്റവും പ്രയോജനമുള്ളത്. നിരന്തരമായ പ്രാർത്ഥനയും അത്ഭുതമാർന്ന ആത്മീക വിശുദ്ധിയും, സഹനശക്തിയും, അദ്ധ്വാനവും, വിശ്വാസവും മൂലം നേടി എടുക്കുന്നതാണ് ഇടിച്ചെടുത്ത ഒലിവെണ്ണ. ഈ എണ്ണയാണ് നാം ആകുന്ന തുരുത്തിയിൽ നിറയേക്കണ്ടത്.

യെശ: (1:6)ൽ പഴുപ്പ് ഞെക്കിക്കളഞ്ഞശേഷമേമുറിവിൽ എണ്ണ പുരട്ടാവു എന്ന മുന്നറിയിപ്പ് നൽകുന്നു. പാപം ഉള്ളിൽ കടന്ന് പഴുത്ത മുറിവ് ഉണ്ടാക്കുന്നത് യിസ്രായേലിന്റെ പരിശുദ്ധനെ മറന്ന് ജീവിക്കുമ്പോഴാണ്. സൗഖ്യത്തിനായി ആഗ്രഹമുള്ളവർ ഗിലെയാദിൽ ഒരു വൈദ്യനുണ്ടെന്ന് മറക്കരുത്. പുകയത്തിട്ടാലും എണ്ണനിറയ്ക്കുവാൻ സമ്മതിക്കാത്ത ചില തുരുത്തികളുണ്ട്. ദുഷിച്ച മനസ്സോടെ യേശുവിനോടൊപ്പം നടന്ന യൂദ ഇതിനുദാഹരണമാണ്. ഇവൻ ജനിച്ചില്ലായിരുന്നു എങ്കിൽ എന്ന് യേശു പറഞ്ഞിട്ടും, മുന്നറിയിപ്പുകൾ നൽകിയിട്ടും നീതിമാനെ ഒറ്റിയവൻ എണ്ണയില്ലാത്ത, ഫലം ഇല്ലാതെ കളഞ്ഞ തുരുത്തിയ്ക്ക് തുല്യമാണ്

സരേഫാത്തിലെ വിധവ ഏലിയാവ് പറഞ്ഞതനുസരിച്ചതു കൊണ്ടാണ് ഭരണിയിലെ (തുരുത്തിയിലെ) എണ്ണ വർദ്ധിച്ചതും യഹോവയുടെ അരുളപ്പാട് ലഭിച്ചതും. നമ്മുടെ ഈ യാത്രയിൽ പലകാര്യങ്ങൾക്കും ക്ഷാമം അനുഭവിക്കുന്നില്ലേ? വചനം അനുസരിക്കുക സ്തോത്രം ചെയ്യുക.ക്ഷാമകാലത്തും നമ്മുടെ തുരുത്തി നിറയുകതന്നെ ചെയ്യും. നിറയുന്ന തുരുത്തിയിൽ നിന്ന് വെറും പാത്രങ്ങൾ കണ്ടെത്തി അതിൽ പകരുന്ന ഒരു വിധവയെയും മക്കളെയും 2 രാജ:4:1:9 വരെയുള്ള ഭാഗത്ത് കാണാം . അവർക്ക് ധനക്ഷാമം നേരിട്ടപ്പോൾ കടക്കാരായി മാറി. അതിൽ നിന്ന് രക്ഷപ്പെടുവാൻ അഥവാ കടക്കാരുടെ കടം വീട്ടാൻ സഹായിച്ചത് നിറച്ച പാത്രങ്ങളിലെ എണ്ണയാണ്.

യഹോവയോട് അടുത്തിരിക്കുന്നവന്റെ ഏത് പാപവും മോചിക്കപ്പെടുകയും, അവരാകുന്ന തുരുത്തി പരിശുദ്ധാത്മാവാകുന്ന എണ്ണയാൽ നിറയപ്പെടുകയും ചെയ്യുന്നു, ഉദാ: യോഹ (8:4:11) തന്റെ തുരുത്തി എണ്ണയാൽ നിറച്ചവനെ അവൾ മാനിച്ചത് മർക്കോ (14:3-7) വരെയുള്ള ഭാഗത്ത് കാണാം. കഷ്ടതയിലും പ്രതികൂലത്തിലും കൂടി കടന്നുപോയി ഇടിച്ചെടുത്ത എണ്ണകളായി മാറുമ്പോൾ നാം ആകുന്ന തുരുത്തിയിൽ നിന്ന് പകരുവാനും അനേകരെ എണ്ണത്തുരുത്തികളാക്കുവാനും ദൈവം നമ്മെ സഹായിക്കട്ടെ.

God bless you

***ശാന്തമ്മ വർഗ്ഗീസ്***

biblestudy.co.in
biblestudy.co.in@gmail.com
facebook.com/biblestudyind
instagram.com/biblestudy.co.in
twitter.com/@BibleStudyInd
youtube.com/channel/UC59JJX2dk_wuLkKT2hE0tg